**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **07-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായ ഒരു നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ 12 അംഗ കമ്മിറ്റി രൂപീകരിച്ച് പ്രീ-പ്രൈമറി നയ രൂപീകരണം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾപുരോഗമിച്ചുവരുന്നു. |
| (ബി) | അങ്കണവാടികൾ, പൊതുവിദ്യാലയങ്ങളിലെ പ്രീ പ്രൈമറി സ്കൂളുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്രീ സ്കൂൾ വിദ്യാഭ്യാസം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അങ്കണവാടികളിലെയും പൊതു വിദ്യാലയങ്ങളിലെ പ്രീ-സ്കൂളുകളിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിങ്ങ് എന്ന സംവിധാനം പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 414 ക്ലസ്റ്ററുകൾ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിങ്ങിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന തിനുള്ള മാർഗ്ഗരേഖഎസ്.സി.ഇ.ആർ.ടി വികസി പ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ ക്ളസ്ററ്റിലെ അങ്കണ വാടികളുടെയും സർക്കാർ, സർക്കാർ അംഗീകൃത പ്രീ- സ്കൂളുകളുടെയും അവസ്ഥാ പഠനം നടത്തിയിട്ടുണ്ട്. |
| (സി) | പൊതു വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള പ്രീ പ്രൈമറി വിഭാഗത്തിലെ ഒരു വിഭാഗം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശ ത്തിന്റെഅടിസ്ഥാനത്തിൽ 07/12/2012 – ലെ സർക്കാർ ഉത്തരവ്(എം.എസ്) നം. 385/2012/ പൊ.വി.വ പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തിൽ 01.08.2012 വരെ സേവനത്തിലുള്ള യോഗ്യത യുള്ളവർക്ക് ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട യോഗ്യത നേടാത്തതും 01.08.2012 ൽ ഒരു വർഷത്തെ സർവീസെങ്കിലും |

| | | | |
|---|---|---|---|
| | | | പൂർത്തി യാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 01.08.2012 മുതൽ പ്രതിമാസ ഓണറേറിയം അനുവദിക്കുകയും അത് കാലാകാലങ്ങളിൽ വർദ്ധിപ്പി ക്കുകയും ചെയ്തിട്ടുണ്ട്. 07/12/2012ന് ശേഷം പ്രീ-പ്രൈമറി ക്ളാസുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത് ഇവിടുത്തെ ജീവനക്കാർക്കാണ് ഓണറേറിയം നൽകി വരുന്നത്. 2012 ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകുന്ന വിഷയം പൊതുനയം രൂപീകരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ച് വരുന്നു. നിലവിൽ ഉച്ചഭക്ഷണം പദ്ധതിയുടെ ഭാഗമായി ഉച്ച ഭക്ഷണം നൽകിവരുന്നുണ്ട്. 01.08.2012 ന് ശേഷം ആരംഭിച്ച പുതിയ പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകാത്ത സാഹചര്യത്തിലാണ് ഉച്ചഭക്ഷണം നൽകാൻ കഴിയാ ത്തത്. കൂടാതെ 2015 ലെ കേന്ദ്ര ഉച്ചഭക്ഷണ പദ്ധതിയുടെ നിയമ പ്രകാരം (MID DAY MEALS RULES 2015) സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ളാസിലുള്ള വിദ്യാർത്ഥി കൾക്കാണ് ഉച്ചഭക്ഷണ പദ്ധതിക്ക് അർഹതയുള്ളത്. എന്നിരുന്നാലും 2,50,000 പ്രീ-പ്രൈമറി കുട്ടികളെ കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2012 ന ശേഷം ആരംഭിച്ച പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പൊതുനയം രൂപീകരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ച് വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും. |
| (ഡി) | സർക്കാർ ആനുകൂല്യം ലഭിക്കാത്ത എയ്ഡഡ് വിദ്യാലയങ്ങളിലെയും സർക്കാർ വിദ്യാലയങ്ങളിലെ ഒരു വിഭാഗത്തിലെയും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ നിർദ്ദേശ ത്തിന്റെഅടിസ്ഥാനത്തിൽ 07/12/2012 – ലെ സർക്കാർ ഉത്തരവ്(എം.എസ്) നം. 385/2012/ പൊ.വി.വ പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തിൽ 01.08.2012 വരെ സേവനത്തിലുള്ള യോഗ്യത യുള്ളവർക്ക് ഓണറേറിയം അനുവദിച്ച് നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട യോഗ്യത നേടാത്തതും 01.08.2012 ൽ ഒരു വർഷത്തെ സർവീസെങ്കിലും പൂർത്തി യാക്കിയതുമായ എല്ലാ പ്രീ-പ്രൈമറി |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകർക്കും ആയമാർക്കും 01.08.2012 മുതൽ പ്രതിമാസ ഓണറേറിയം അനുവദിക്കുകയും അത് കാലാകാലങ്ങളിൽ വർദ്ധിപ്പി ക്കുകയും ചെയ്തിട്ടുണ്ട്. 07/12/2012ന് ശേഷം പ്രീ-പ്രൈമറി ക്ളാസുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ മാത്രമാണ് പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രീ-പ്രൈമറി ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത് ഇവിടുത്തെ ജീവനക്കാർക്കാണ് ഓണറേറിയം നൽകി വരുന്നത്. 2012 ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകുന്ന വിഷയം പൊതുനയം രൂപീകരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ച് വരുന്നു. നിലവിൽ ഉച്ചഭക്ഷണം പദ്ധതിയുടെ ഭാഗമായി ഉച്ച ഭക്ഷണം നൽകിവരുന്നുണ്ട്. 01.08.2012 ന് ശേഷം ആരംഭിച്ച പുതിയ പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകാത്ത സാഹചര്യത്തിലാണ് ഉച്ചഭക്ഷണം നൽകാൻ കഴിയാ ത്തത്. കൂടാതെ 2015 ലെ കേന്ദ്ര ഉച്ചഭക്ഷണ പദ്ധതിയുടെ നിയമ പ്രകാരം (MID DAY MEALS RULES 2015) സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ളാസിലുള്ള വിദ്യാർത്ഥി കൾക്കാണ് ഉച്ചഭക്ഷണ പദ്ധതിക്ക് അർഹതയുള്ളത്. എന്നിരുന്നാലും 2,50,000 പ്രീ-പ്രൈമറി കുട്ടികളെ കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2012 ന ശേഷം ആരംഭിച്ച പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പൊതുനയം രൂപീകരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ച് വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ